"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം

നമ്പർ:DT/2540/2023-E6 തീയതി: 04-11-2024

**<u>ചുറ്ററിയിപ്പ്</u>**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിംഗ് ഡയറക്ടറേറ്റ് - 2024-25 സാമ്പത്തിക വർഷം പുതുതായി അനുവദിച്ച ഐ ടി ഐ കൾക്കുള്ള ഉപകരണ സംഭരണം -നിലവിലുള്ള ഓരോ ഐ ടി ഐ കളിലും അധികമായിട്ടുള്ള പ്രവർത്തനക്ഷമമായ ഉപകരണങ്ങൾ പരിശോധനയ്ക്ക് സജ്ജമാക്കുന്നത് -സംബന്ധിച്ച്

സൂചന:- 1.സ .ഉ (കൈ )നം .32/2024/LBR തിയതി :13/ 09/2024
2. ജോയിന്റ് ഡയറക്ടറുടെ 04-11-2024 ലെ DT/2540/2023-E6 നമ്പരായ നടപടി ക്രമം

പരാമർശിത (1) ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പുതുതായി അനുവദിച്ചിട്ടുള്ള 4 ഐ ടി ഐ കളിൽ ഈ സാമ്പത്തിക വർഷം പ്രവർത്തനം ആരംഭിക്കുന്ന ചാല , പീച്ചി , നാഗലശ്ശേരി എന്നീ 3 ഐ ടി ഐ കളിലെ വിവിധ ട്രേഡുകളിലേക്കാവശ്യമായ ഉപകരണ സംഭരണം നടത്തുന്നതിന് വേണ്ടി മറ്റ് ഐ ടി ഐ കളിൽ അധികമായിട്ടുള്ള പ്രവർത്തന ക്ഷമമായ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ പുതുതായി പ്രവർത്തനം ആരംഭിക്കുന്ന 3 ഐ ടി ഐ കളിലെ വിവിധ ട്രേഡുകളിലേക്ക് ഉപയോഗപ്പെടുത്തുന്നതിനായി ഓരോ ഐ ടി ഐ കളിൽ അധികമായിട്ടുള്ള പ്രവർത്തന ക്ഷമമായ ഉപകരണങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം ട്രെയിനിംഗ് ഇൻസ്പെക്ടർമാരെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട് .

ഓരോ സ്ഥാപന മേധാവികളും അധികമായിട്ടുള്ള ഉപകരണങ്ങൾ നിലവിൽ പ്രവർത്തന യോഗ്യമാണെന്ന് ഉറപ്പ് വരുത്തി 05/11/2024 മുതൽ ട്രെയിനിംഗ് ഇൻസ്പെക്ടർമാരുടെ പരിശോധനയ്ക്ക് സജ്ജമാക്കി വയ്ക്കേണ്ടതാണ്. ട്രെയിനിംഗ് ഇൻസ്പെക്ടർമാരുടെ പരിശോധനയ്ക്ക് ആവശ്യമായ വാഹനമുൾപ്പെടെയുള്ള സൗകര്യങ്ങൾ നൽകുവാൻ സ്ഥാപന മേധാവികൾ ശ്രദ്ധിക്കേണ്ടതാണ് .

ഓരോ സ്ഥാപന മേധാവികളും ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുള്ള

അധികമായിട്ടുള്ള പ്രവർത്തന ക്ഷമമായ ഉപകരണങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു .

(ഒപ്പ്)
Shammi Baker A
JD DTTVPM

സ്വീകർത്താവ് : (1) എല്ലാ ഐ റ്റി ഐ/ബി റ്റി സി പ്രിൻസിപ്പാൾമാരും ,
(2) ഐ ടി മാർ

പകർപ്പ് : 1 . ടെക്നിക്കൽ അസിസ്റ്റന്റ്

ഉള്ളടക്കം : ഉപകരണങ്ങളുടെ ലിസ്റ്റ്

**Signed by S U Reshma**
**Date: 05-11-2024 10:10:17**